LIBRARY ARCHIVES Kerala Legislative Assembly

ജലസമ്പത്തിന്റെ സുസ്ഥിരമായ വികസനവും ഗുണമേൻമയും നിലനിർത്താൻ പദ്ധതികൾ

*14 [516] ശ്രീ. എ. സി. മൊയ്തീൻ:
ഡോ. തോമസ് ഐസക്:
ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ജലത്തിന്റെ പൊതുവായ വിനിയോഗത്തിൽ സാരമായ മാറ്റങ്ങൾ പ്രകടമായിക്കൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജലസേചനാവശ്യത്തിനായുള്ള വെള്ളത്തിന്റെ ആവശ്യകത കുറയുകയാണോ കൂടുകയാണോ എന്ന് വിശദമാക്കാമോ;

(സി) ഗാർഹികാവശ്യങ്ങൾക്കും വ്യാവസായിക ആവശ്യങ്ങൾക്കും വെള്ളത്തിന്റെ ആവശ്യകതയിൽ ഉണ്ടായ മാറ്റം വെളിപ്പെടുത്താമോ;

(ഡി) ജലസമ്പത്തിന്റെ സുസ്ഥിരമായ വികസനവും ഗുണമേൻമയും നിലനിർത്താൻ എന്തെല്ലാം പുതിയ പരിപാടികളാണ് സർക്കാർ പരിഗണിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) ഉണ്ട്.

(ബി) കൃഷിയാവശ്യത്തിനുള്ള ജല ഉപഭോഗവും വർദ്ധിച്ചിട്ടുണ്ട്. നെൽകൃഷിയിൽ നിന്നും കർഷകർ മാറുന്ന പ്രവണത ഉണ്ടെങ്കിലും ജലസേചന സൗകര്യം ഉപയോഗിക്കുന്ന ഭൂമിയുടെ അളവ് കുറയുന്നില്ല. അതുപോലെതന്നെ തോട്ടവിളകളുടെ ജലാവശ്യം ഗണ്യമായി വർദ്ധിച്ചുവരുന്നതായി കാണുന്നു.

(സി) ഗാർഹികാവശ്യങ്ങൾക്കും വ്യാവസായിക ആവശ്യങ്ങൾക്കും വേണ്ടിയുള്ള ജലത്തിന്റെ ആവശ്യകത വർദ്ധിച്ചുവരുന്നു. ജനങ്ങളുടെ സാമ്പത്തികവും സാമൂഹികവുമായ ഉയർച്ചയും സാങ്കേതികാഭിവൃദ്ധിയും ആഢംബര വീട്ടുപകരണങ്ങളുടെ ഉപയോഗവും ഗാർഹികാവശ്യനായി ജല അതോറിറ്റി വിതരണം ചെയ്യുന്ന ജലത്തിന്റെ ഉപഭോഗം ഗ്രാമീണ മേഖലയിലും നഗരപ്രദേശങ്ങളിലും വർദ്ധിപ്പിക്കാൻ ഇടയാക്കിയിട്ടുണ്ട്. വ്യാവസായികവൽക്കരണത്തിന്റെ ഫലമായി വ്യവസായ ശാലകളിൽ നിന്നും പുഴയിലേക്ക് തള്ളിവിടുന്ന മലിനജലവും രാസവസ്തുക്കളും പരിസ്ഥിതിക്ക് കോട്ടം തട്ടാതെ ഒഴിവാക്കുന്നതിന് പുഴയിൽകൂടി ഒഴുക്കിവിടേണ്ട ജലത്തിന്റെ അളവും വർദ്ധിച്ചിട്ടുണ്ട്.

(ഡി) ജലസമ്പത്തിന്റെ സുസ്ഥിരമായ വികസനവും ഗുണമേൻമയും നിലനിർത്താൻവേണ്ടി ജനങ്ങളുടെ ഇടയിൽ ഇതിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധവൽക്കരണം നടത്തൽ, ജലസ്രോതസ്സുകളെ മലിനീകരണപ്പെടാതെ സംരക്ഷിക്കൽ, മഴവെള്ള സംഭരണം, വാട്ടർ റീചാർജ്ജിംഗ്, തടയണ നിർമ്മാണം, കുളങ്ങളുടേയും ശുദ്ധജല തടാകങ്ങളുടേയും പുനരുദ്ധാരണം തുടങ്ങിയവ നടത്തിവരുന്നു.